പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 302 28.11.2018-ൽ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | 2016-17 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന്റെ "എമർജൻസി മെഡിക്കൽ കെയർ" പദ്ധതിക്ക് ജി.ഒ.(ആർ.റ്റി.)2809/2016/H&FWD തീയതി 19.10.2016 പ്രകാരം അനുവദിച്ച നൽകിയ 88,15,091/- രൂപയിൽ നിന്നും 67,21,942/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് കൈമാറിയിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന്റെ "എമർജൻസി മെഡിക്കൽ കെയർ" പദ്ധതിക്ക് ജി.ഒ.(ആർ.റ്റി.)നം.40/2018/H&FWD തീയതി 06.01.2018 പ്രകാരം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ സി.ടി.സ്കാനർ വാങ്ങുന്നതിന് Rs.1,93,86,762/- (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി തുക ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ.-ന് ഇതിനോടകം കൈമാറിയിട്ടുണ്ട്.<br><br>സ.ഉ.(ആർ.റ്റി)1184/PWD തീയതി 14.08.2009 പ്രകാരം 1.13 കോടി രൂപ ട്രോമാകെയർ യൂണിറ്റിന് അനുവദിച്ച് ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണം എൻ.ആർ.എച്ച്.എം. 1.01 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ട്രോമാ കെയർ യൂണിറ്റിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ട്രോമാ കെയർ സംവിധാനം എന്ന് മുതൽ പ്രവ്വത്തിപ്പിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ അത്യാഹിത വിഭാഗം ട്രോമാകെയർ യൂണിറ്റിലാണ് പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**